പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2081 — 18.03.2015-ൽ മറുപടിയ്ക്ക്

# മറ്റു കമ്പനികളുടെ ഉപയോഗത്തിനായി നല്കിയ കെ. എസ്. ഇ. ബി. പോസ്റ്റുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി ക്ക് വൈദ്യുതി ഉപയോഗത്തിനായി എത്ര പോസ്റ്റുകൾ നിലവിൽ ഉപയോഗിക്കുന്നു എന്നും അവയിൽ എത്രയെണ്ണം കേബിൾ ഉപയോഗത്തിനും മറ്റുമായി വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) വൈദ്യുതി വിതരണത്തിനായി നിലവിൽ 74,94,508 പോസ്റ്റുകൾ കെ. എസ്. ഇ. ബി. എൽ ഉപയോഗിക്കുന്നുണ്ട്. ഇതിൽ 11,63,922 എണ്ണം പോസ്റ്റുകൾ കേബിൾ ഉപയോഗത്തിനും മറ്റുമായി വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ പോസ്റ്റുകൾ കേബിൾ ഉപയോഗത്തിനായി അനുവദിക്കുന്നതിന് ഈടാക്കുന്ന ഫീസ് തുക എത്രയെന്നും ഓരോ കമ്പനികളിൽ നിന്നും 2011 ജൂൺ മുതൽ 2015 ഫെബ്രുവരി വരെ ഓരോ വർഷവും ഈയിനത്തിൽ എത്ര തുക കെ. എസ്. ഇ. ബി. ക്ക് ലഭിച്ചു എന്നും വ്യക്തമാക്കുമോ ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) കെ. എസ്. ഇ. ബി. തൂണുകൾ സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമെന്നും ഇവ കെ. എസ്. ഇ. ബി പാലിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ; | (സി) & (ഡി) കെ. എസ്. ഇ. ബി തൂണുകൾ സ്ഥാപിക്കാനോ, തൂണുകളിൽ കേബിൾ വലിക്കുന്നതിന് കമ്പനികൾക്ക് അനുമതി നൽകുമ്പോഴോ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങാറില്ല. |
| (ഡി) കെ.എ സ്. ഇ. ബി. തൂണുകളിൽ കേബിൾ വലിക്കാൻ കമ്പനികൾക്ക് അനുമതി നൽകുമ്പോൾ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങാറുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | |

| | | | |
|---|---|---|---|
| (ഇ) | പോസ്റ്റുകൾ വഴി കേബിൾ വലിക്കാൻ ബി. എസ്. എൻ. എൽ. വൈദ്യുതി ബോർഡിൻെറ അനുമതിക്കായി ആവശ്യപ്പെട്ടുവോ ; അനുമതി നൽകാത്തതിൻെറ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (ഇ) | ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന്മേൽ ബോർഡ് തീരുമാനമെടുത്തിട്ടില്ല. |
| (എഫ്) | റിലയൻസ് ഉൾപ്പെടെ മറ്റേതെല്ലാം കമ്പനികൾക്കാണ് കെ. എസ്. ഇ. ബി. അനുമതി നൽകിയത് ; വിശദാംശം വ്യക്തമാക്കുമോ ; | (എഫ്) | ടി. വി കേബിളിനു പുറമേ തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ റിലയൻസ് ജിയോ ഇൻഫോകോമിന് വൈദ്യുത പോസ്റ്റുകളിൽ കൂടി ഒപ്ടിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് നിബന്ധനകളോടെ താത്ക്കാലിക അനുവാദം നൽകിയിട്ടുണ്ട്.<br>30.01.2015 ലെ ജി. ഒ (എം. എസ്) നമ്പർ 05/15/ഊ.വ പ്രകാരം കെ. എസ്. ഇ. ബി. ലിമിറ്റഡിൻെറ വിതരണ പോസ്റ്റുകൾ മുഖേന ഏരിയൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് M/s. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് നിർദ്ദിഷ്ട വ്യവസ്ഥകളോടെ അനുമതി നൽകാൻ കെ. എസ്. ഇ. ബി. എൽ-ന് അനുവാദം നൽകിയിട്ടുണ്ട്. നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും പോസ്റ്റ് ഒന്നിന് പ്രതിവർഷ വാടക 360/- രൂപയും ഗ്രാമപ്രദേശങ്ങളിൽ 180/- രൂപയും നിരക്കിൽ 5 വർഷത്തേക്ക് തുക മുൻകൂറായി അടയ്ക്കണമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നോൺ എക്സ്ക്ലൂസീവ് അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ബോർഡ് തലത്തിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടില്ല. |
| (ജി) | റിലയൻസിന് നാല് ജി (4G) കേബിൾ വലിക്കാൻ കെ. എസ്. ഇ. ബി യുടെ തൂണുകളിൽ അനുമതി നൽകിയതിലൂടെ സർക്കാരിന് എത്ര കോടിയുടെ നഷ്ടം വരുമെന്നാണ് കണക്കാക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ? | (ജി) | റിലയൻസിൽ നിന്ന് മുൻകൂറായി ഈടാക്കാൻ നിശ്ചയിച്ചിരുന്നത് നിലവിലുള്ള നിരക്കു പ്രകാരമുള്ള തുകയായതിനാൽ സാമ്പത്തിക നഷ്ടം വരുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ.